പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1910 — 25.03.2013 - ൽ മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലയിലെ അനധികൃത മണൽ കടത്ത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ. പ്രദീപ്കുമാർ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | കോഴിക്കോട് റൂറൽ ജില്ലയിൽ 421 കേസുകളും കോഴിക്കോട് സിറ്റിയിൽ 190 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | അനധികൃത മണൽക്കടത്തുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങൾ പിടിച്ചെടുത്തുവെന്നും ഇതിൽ എത്ര വാഹനങ്ങൾ ഉടമസ്ഥർക്ക് വിട്ടുകൊടുത്തുവെന്നും വിശദമാക്കുമോ; | (ബി) | കോഴിക്കോട് റൂറൽ ജില്ലയിൽ 421 വാഹനങ്ങൾ പിടിച്ചെടുത്തു. ഇതിൽ 326 വാഹനങ്ങൾ ഉടമസ്ഥർക്ക് വിട്ടുകൊടുത്തു. കോഴിക്കോട് സിറ്റിയിൽ 209 വാഹനങ്ങളും ഒരു തോണിയും പിടിച്ചെടുത്തു. ആയതിൽ 79 വാഹനങ്ങൾ ഉടമസ്ഥർക്ക് വിട്ടുകൊടുത്തു. |
| (സി) | വാഹനങ്ങൾ വിട്ടുകൊടുത്തിട്ടുണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണ് വിട്ടുകൊടുത്തതെന്ന് വിശദമാക്കുമോ? | (സി) | ബന്ധപ്പെട്ട കോടതിയിൽ കേസ് നടപടികൾ പൂർത്തിയാക്കി ജില്ലാ കളക്ടറിൽ നിന്നും വാഹനം വിട്ടുനൽകുന്നത് ഉത്തരവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഉടമകൾക്ക് വാഹനം വിട്ടു നൽകുന്നത്. |

സെക്ഷൻ ഓഫീസർ